മിസ്റ്റർ കെ. ഐ. വേലായുധൻ: ഈ രണ്ടു പാലത്തിനും യാതൊരു കേടുമില്ലെന്നാണോ ഗവമ്മെണ്ടു പറയുന്നതു?

Mr. K. Balakrishna Menon (*Minister for Food and Education*): There are no bridges on the road. But it is probably a culvert which is in a dilapidated condition which is being repaired now.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇതിനെ സംബന്ധിച്ചു വളരെ അധികം ആക്ഷേപങ്ങൾ കിട്ടീട്ടില്ലേ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അവിടെ ഒരു കൽവർട്ടിനു മാത്രമെ കേടുള്ളു. അതു് നേരെയാക്കി വരുന്നുണ്ടു്.

Mr. P. Kumaran Ezhuthassan (*Vadakkancheri*): May I know, Sir, that in which Village is this School? Is the Government aware of that ?

Mr. K. Balakrishna Menon (*Minister for Food and Education*): I want notice.

മിസ്റ്റർ എം. കെ. രാജ: കൽവർട്ടും ബ്രിഡ്ജും തമ്മിലുള്ള വ്യത്യാസം മനസ്സിലായിട്ടില്ലെ?

Mr. K. Balakrishna Menon (*Minister for Food and Education*): I think it is much better not to give the answer.

Mr. M. K. Raja (*Mulakunnathukavu*): I am afraid there are other members in this House besides myself who do not understand the answer.

PORINGALKUTHU HYDRO-ELECTRIC SCHEME—DIVISION OF WORK IN STAGES

237. **Mr. S. P. Luiz** (*Nominated*): Will Government be pleased to state.—

(*a*) at what stage the Poringalkuthu Hydro-Electric Scheme has reached;

(*b*) into how many stages is the work divided?

Rao Bahadur T. K. Nayar (*Prime Minister*):

(*a*) The preliminary works have been practically completed. Erection of temporary and permanent buildings is in hand. Tunnel driving and other major works will commence as soon as machinery, piping, etc, which have been ordered for over a year ago, is received.

(*b*) The present development undertaken is divided into two stages. Stage I contemplates the development of 16,000 K.W. and Stage II the development of a further 24,000 K.W.

ARTICLE IN "GOMATHI" ON EXPORT CONTROL, ETC. ON FOREST GOODS

238. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഫ്രീഡം ചിങ്ങം ലക്കം-ൽ ഗോമതിയിലെ "കയറുമതി നിയന്ത്രണവും വില്ലന നികുതിയും വനോല്പന്ന വ്യാപാരത്തെ തകർക്കുന്നു" എന്ന തലക്കെട്ടോടുകൂടിയ കൊച്ചി വനോല്പന്ന വ്യാപാരസംഘം പ്രസിഡണ്ടിന്റെ പ്രസ്താവന ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ താല്പര്യപ്രകാരം വല്ലതും പ്രവർത്തിക്കുവാൻ ഗവമ്മെണ്ടുദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഉണ്ടു്.

(ബി) അന്യരാജ്യങ്ങളിൽനിന്നും കൊച്ചിയിൽ ഇറക്കുമതിചെയ്തു് പുറം രാജ്യങ്ങളിലേക്കു കയറുമതിചെയ്യുന്ന സാമാനങ്ങളുടെ മേൽ ഒരു പ്രാവശ്യം മാത്രമെ വില്ലന നികുതി ചുമത്തുവാൻ പാടുള്ളുവെന്നു ഗവർമ്മെണ്ടു തീരുമാനിച്ചിട്ടുണ്ടു്. ഇതിനപ്പുറമെ കൂടുതൽ നികുതി പ്രത്യേകമായി ഒന്നും ചെയ്യണമെന്നു ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നില്ല.

വ്യാപാരവ്യവസായകാര്യങ്ങളിൽ ഗവമ്മെണ്ടിനെ ഉപദേശിക്കാൻ ജനപ്രതിനിധികളും ഗവമ്മെണ്ടുദ്യോഗസ്ഥന്മാരും ഉൾപ്പെടെ ഒരു ഉപദേശകകമ്മിറ്റി ഇപ്പോൾ ഉണ്ടു്. അതുകൊണ്ടു് പത്രത്തിൽ അഭിപ്രായപ്പെട്ടപ്രകാരം വേറെ കമ്മിറ്റിയെ രൂപീകരിക്കേണ്ട ആവശ്യമുണ്ടെന്നു ഗവമ്മെണ്ടു കരുതുന്നില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഈ കമ്മിറ്റിയിൽ കച്ചവടക്കാരുടെ പ്രതിനിധികളും ഉണ്ടായിരിക്കണമെന്നു ഗവമ്മെണ്ടിനു മനസ്സിലായിട്ടില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉവ്വ്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇതിൽ അവരെ ഉൾപ്പെടാതിരിക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല. അതിനെപ്പറ്റി ആലോചിക്കാം.

SALARY AND YEARLY INCREMENT OF HOSPITAL SERVANTS—DETAILS CONCERNING

239. Mr. M. I. Paul *(Narakkal):* Will Government will be pleased to state.—

(*a*) what is the present salary of hospital servants and the yearly increments;

(*b*) have these servants organised their union; if not have the Government any objection to form their union;

(*c*) is there separate place to take their meals, etc.?

Mr. Parambi Lonappen *(Minister for Revenue):*

(*a*) Hospital servants are on three grades, 20, 22 and 25.

(*b*) No. Government are only considering this matter.

(*c*) Not in all the hospitals.

മിസ്റ്റർ എം. ഐ. പോൾ: അവർക്ക് യൂണിയൻ ഫോം ചെയ്യുവാനുള്ള കാര്യം ഗവർമ്മെണ്ടിന്റെ ആലോചനയിലിരിക്കുന്നുവെന്ന പറയുന്നുണ്ട്. അത് ഇപ്പോഴും ആലോചനയിൽ തന്നെയിരിക്കുകയാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

മിസ്റ്റർ എം. ഐ. പോൾ: കൊച്ചീരാജ്യത്തിൽ എല്ലാ ഹോസ്പിറ്റലുകളിലും ഇല്ലെന്നുപറയുന്നു. അതുള്ള വല്ല സ്ഥലവുമുണ്ടെന്ന ഗവർമ്മെണ്ടിന്നു് അറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സു വേണം.

MR. BRUFORD—SERVICE UNDER OTHER GOVERNMENTS

240. Mr. P. Kumaran Ezhuthassan *(Vadakkancheri):* Will Government be pleased to state.—

(*a*) whether Mr. Bruford is not one whose services were dispensed with both by the India Government and the Travancore Government while he was in the respective services;

(*b*) what were the particular reasons that prevailed with the Government in entertaining Mr. Bruford;

(*c*) when was Mr. Bruford first entertained by the Government?

Rao Bahadur T. K. Nayar *(Prime Minister):*

(*a*) No.

(*b*) Mr. Bruford was appointed on the recommendation of Sir Henry Howard, Consulting Electrical Engineer with the Government of Madras. Government considered Mr. Bruford suitable for appointment as Chief Engineer, Hydro-Electric Department especially because of his experience in Hydro-Electric works in Punjab and Travancore.

(*c*) 22nd July 1946.

LEASING OF FOREST AREA FOR PLANTING TREES—PARTICULARS OF

241. മിസ്റ്റർ കെ. നടരാജൻചെട്ടിയാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ഇപ്പോൾ വിറകു വെട്ടുന്ന സ്ഥലം തീപ്പെട്ടിമരംവെച്ചു പിടിപ്പിക്കേണ്ട ആവശ്യത്തിനു കമ്പനിക്കാർക്കു പാട്ടത്തിനു പതിച്ചുകൊടുക്കുന്നതാണോ;

(ബി) അതു കൊടുക്കുവാൻ തരമില്ലെങ്കിൽ എന്തുകൊണ്ടാണു്?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) അപേക്ഷകരും വരുന്ന സമയത്തു് ഇതിനെപ്പറ്റി ആലോചിക്കുന്നതാണു്.

(ബി) മേൽ ഉത്തരംകൊണ്ടു് ഇതിനു മറുപടി ആവശ്യമില്ല.

മിസ്റ്റർ കെ. നടരാജൻ ചെട്ടിയാർ: ഈ ആവശ്യത്തിനു് സ്ഥലം പതിച്ചുകൊടുക്കാമെന്നുള്ളതു് ആലോചിക്കാമെന്നാണു മറുപടി. അതുകൊണ്ടു് ഇതു പതിച്ചുകൊടുക്കുമോ. ഇല്ലയോയെന്നു് എങ്ങിനെയാണു് മനസ്സിലാവുക?

മിസ്റ്റർ പറമ്പി ലോനപ്പൻ: അപേക്ഷ വന്നാൽ പതിച്ചുകൊടുക്കുന്നകാര്യം ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly